പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I
# (SUBJECT COMMITTEE I)

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
# (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2017-2018)

**SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2017-2018)**

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I
# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്

(2017-2018)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2017-2018)

456/2017.

# അവതാരിക

2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2017 മാർച്ച് 22, 28 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXIX — കൃഷി

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI — മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII — ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII — മത്സ്യബന്ധനം

ധനാഭ്യർത്ഥന നമ്പർ XXXIX — വൈദ്യുത പദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നു ലഭിച്ച കുറിപ്പുകൾ പരിശോധനാ വേളയിൽ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2017 ഏപ്രിൽ മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2017 ഏപ്രിൽ 19.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

## റിപ്പോർട്ട്

# ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

വോട്ട് ചെയ്തത് : 3557,54,61,000 രൂപ

ചാർജ്ജ് ചെയ്തത്: 10,01,000 രൂപ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റികൾക്കുള്ള സഹായം

വിഹിതം: 45,00,000 രൂപ (പദ്ധതിയേതരം)

(1) പെൻഷൻകാർക്ക് ഒരു വർഷത്തെ മിനിമം പെൻഷൻ, ഡി.എ., മെഡിക്കൽ അലവൻസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയും 1-7-2015 മുതൽ 31-1-2017 വരെ മിനിമം പെൻഷൻ വർദ്ധിപ്പിച്ച ഇനത്തിൽ കൊടുക്കാനുള്ള കടിശ്ശികയും ഉൾപ്പെടെ നൽകാൻ അധികം തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാ പദ്ധതി)

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

(2) തണ്ണീർത്തട നീർത്തട സർവ്വേയ്ക്കായി കെ.എസ്.ആർ.ഇ.സി.-ക്ക് തുക നൽകേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.3 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-85—ഓർഗാനിക് ഫാമിംഗ്

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

(3) ജൈവകൃഷിയും ഉത്തമകൃഷിമുറകളും നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് 200 ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടെന്നും അതിൽ 65 ഇക്കോ ഷോപ്പുകൾ മാത്രമേ നാളിതുവരെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നും നിരീക്ഷിച്ച സമിതി പുതിയ ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുക വളരെ കുറവാണെന്ന് ബോദ്ധ്യമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2401-00-109-84— കാർഷിക വിജ്ഞാനവ്യാപനവും വ്യാപനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

(4) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്ക് വരുന്ന അധികചെലവുകൾ വഹിക്കുന്നതിനും കൂടാതെ പുതിയ മൊബൈൽ എക്സിബിഷൻ വാഹനങ്ങൾ വാങ്ങുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-69—<u>സംയോജിത കാർഷിക കോംപ്ലക്സ്</u>

വിഹിതം : 97,00,000 രൂപ (പദ്ധതി)

(5) തൃശ്ശൂരിലെ "സംയോജിത കാർഷിക കോംപ്ലക്സി"ന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. നിർവ്വഹണ ഏജൻസിയായ കെ.എൽ.ഡി.സി.-ക്ക് 183.40 ലക്ഷം രൂപ നൽകുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതമായ 97 ലക്ഷം രൂപ അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 86.4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-115-99—<u>ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി</u>

വിഹിതം : 34,43,00,000 രൂപ (പദ്ധതിയേതരം)

(6) നെൽകർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് രണ്ട് ഹെക്ടർ വരെയും സൗജന്യമായി വൈദ്യുതി നൽകുന്നതിന് വേണ്ട തുകയും മുൻ വർഷങ്ങളിലെ കുടിശ്ശികയും പോളി ഹൗസ് കൃഷിക്ക് നൽകുന്ന സൗജന്യ വൈദ്യുതിക്കുള്ള ആനുകൂല്യവും നൽകുന്നതിലേക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 5.57 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-115-98—<u>ചെറുകിട നാമമാത്ര കർഷക പെൻഷൻ</u>

വിഹിതം : 124,87,20,000 രൂപ (പദ്ധതിയേതരം)

(7) ചെറുകിട നാമമാത്ര കർഷകർക്ക് 2017 മാർച്ച് വരെയുള്ള കുടിശ്ശികയായ 355.87 കോടി രൂപയും 2017-18 വർഷത്തിൽ പ്രതിമാസം 1100 രൂപ നിരക്കിൽ പെൻഷനും നൽകുന്നതിന് ബജറ്റിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 628.978 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-191-50—<u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുനിസിപ്പൽ കോർപ്പറേഷൻ)</u>

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

2401-00-192-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുനിസിപ്പാലിറ്റികൾ)

വിഹിതം: 40,00,000 രൂപ (പദ്ധതിയേതരം)

2401-00-198-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്തുകൾ)

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

(8) സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേക്കായി ഹെക്ടറിന് ഒരു സീസണിൽ 1000 രൂപ എന്ന നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നതിനും നിലവിലുള്ള കടിശ്ശിക നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2401-00-191-50 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും 2401-00-192-50 എന്ന ശീർഷകത്തിൽ 4.5 കോടി രൂപയും 2401-00-198-50 എന്ന ശീർഷകത്തിൽ 45 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-800-91—പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

(9) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനും കടിശ്ശിക തീർക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-004-88—കടൽ നിരപ്പിൽനിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

വിഹിതം : 50,00,000 രൂപ (പദ്ധതി)

(10) കുട്ടനാട്ടിൽ സ്ഥാപിച്ചിട്ടുള്ള ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ നൂതന പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും മലിനീകരണം സംബന്ധിച്ച ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനും കാര്യശേഷി വർദ്ധനവ് പരിപാടികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-101-85—<u>വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ</u>

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

(11) 2017-18-ൽ ഉത്സവകാലയളവുകളിൽ വിലസ്ഥിരതയ്ക്കായി പച്ചക്കറി വിപണിയിൽ ഇടപെടുന്നതിനും പഞ്ചായത്തുതലത്തിൽ പ്രത്യേകം പഴംപച്ചക്കറി വിപണികൾ സംഘടിപ്പിക്കുന്നതിനും കൂടാതെ ഹോർട്ടികോർപ്പ്, കേരഫെഡ്, വി.എഫ്.പി.സി.കെ. തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങൾക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായും അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 60 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2435-01-101-79—<u>കേരള കാർഷിക വിപണന പദ്ധതി</u>

വിഹിതം : ഇല്ല

(12) കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിംഗ് ശക്തിപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും കർഷക ചന്തകൾ സ്ഥാപിക്കുന്നതിനും 5 അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിനും സംഘമൈത്രികളുടെ ശാക്തീകരണത്തിനും പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടാകാതിരിക്കുന്നതിനായി കോൾഡ് സ്റ്റോറേജുകൾ നിർമ്മിക്കുന്നതിനും കോൾഡ് ചെയിൻ ശൃംഖല സൃഷ്ടിക്കൽ തുടങ്ങിയ വിപണി പരിഷ്കാര പ്രവർത്തനങ്ങൾക്കും തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2435-01-800-94—<u>മൂല്യവർദ്ധനവ്</u>

വിഹിതം : 27,00,00,000 രൂപ (പദ്ധതി)

(13) തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ കോക്കനട്ട് അഗ്രോപാർക്കുകൾ, പാലക്കാട്, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ നെല്ല് അധിഷ്ഠിത അഗ്രോപാർക്കുകൾ, തൃശ്ശൂർ ജില്ലയിൽ തേനും നേന്ത്രക്കായയും അടിസ്ഥാനമായ അഗ്രോപാർക്ക്, ഇടുക്കി, വയനാട് ജില്ലകളിൽ സുഗന്ധവ്യഞ്ജന അഗ്രോപാർക്കുകൾ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ, തൃശ്ശൂർ ജില്ലയിലെ മാളയിൽ ചക്ക അടിസ്ഥാനമായ അഗ്രോപാർക്ക്, ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ പച്ചക്കറി അടിസ്ഥാനമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോപാർക്ക് എന്നിവയാണ് ലക്ഷ്യമിടുന്നത്. 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച ടി പദ്ധതികൾക്ക് ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4435-01-101-97-RIDF—പദ്ധതികൾ

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

(14) RIDF XVI മുതൽ XXI വരെ 139.5981 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും 2017-18 സാമ്പത്തികവർഷം നടപ്പാക്കുന്ന പദ്ധതികൾക്കായി 32 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അടയ്ക്കാ കർഷകർക്കായുള്ള ധനസഹായം

(15) കേരളത്തിലെ അടയ്ക്കാ കർഷകർക്ക് നാളിതുവരെ ധനസഹായം അനുവദിച്ച് കാണുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടയ്ക്കാ കർഷകർക്കായുള്ള ധനസഹായം എന്ന പേരിൽ പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മണ്ണ്-പര്യവേക്ഷണ—സംരക്ഷണ വകുപ്പ്

2402-00-101-82—ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ

വിഹിതം : ഇല്ല (പദ്ധതി)

(16) 2016-17-ലെ പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ നിലം നികത്തലുമായി ബന്ധപ്പെട്ട് ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡേറ്റാബാങ്ക് സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വിഹിതം ഒന്നും അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

2402-00-001-94-31—കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) (ധനസഹായം) സഹായധനം -ശമ്പളം

വിഹിതം : 86,64,000 രൂപ (പദ്ധതിയേതരം)

(17) പത്താം ശമ്പളകമ്മീഷൻ നടപ്പിലാക്കുന്നതിലേക്കും ഐ.എസ്.ആർ.ഒ. യിൽനിന്നും സർക്കാർ നിയമിച്ച ഡയറക്ടർക്ക് കേന്ദ്രനിരക്കിലുള്ള ശമ്പളം നൽകുന്നതിനും പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം വളരെ അപര്യാപ്തമാണെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള കാർഷിക സർവ്വകലാശാല

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം - സഹായധനം - ശമ്പളം

വിഹിതം : 324,19,65,000 രൂപ (പദ്ധതിയേതരം)

(18) കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലായി നിയമിച്ച 127 പേരുടെ ശമ്പളവും അലവൻസുകളും കൂടാതെ പബ്ലിക് സർവീസ് കമ്മീഷൻ വഴി ഫാം, സാങ്കേതിക വിഭാഗങ്ങളിൽ 356 ജീവനക്കാരെ നിയമിക്കേണ്ടിവരുമ്പോൾ അവർക്കുള്ള ശമ്പളവും അലവൻസുകളും, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപക നിയമനം, വിരമിക്കൽ ആനുകൂല്യങ്ങൾ, യു.ജി.സി. ശമ്പള പരിഷ്കരണം ഇതെല്ലാം നൽകുന്നതിനായി ICAR വിഹിതത്തിലുണ്ടാകുന്ന കുറവ്, പി.എഫ്. കുടിശ്ശിക തുടങ്ങിയവയുള്ള ചെലവ് കണക്കിലെടുക്കുമ്പോൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 226.2235 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-277-99-35—കേരള കാർഷിക സർവ്വകലാശാല സഹായധനം-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

(19) മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പല പദ്ധതികൾക്ക് ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും ഉണ്ടായിട്ടും ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലൂടെ അനുവദിച്ചപ്പോൾ തുകയിൽ വരുത്തിയ കുറവുമൂലം 2016-17-ലെ മിക്ക പദ്ധതികളും ടി വർഷം നടപ്പിലാക്കാനുള്ള പണം ലഭിച്ചിട്ടില്ലെന്നും ഒഴിവാക്കാനാവാത്ത മുൻ വർഷങ്ങളിലെ പല പദ്ധതികളും 2017-18-ൽ നടപ്പിലാക്കുന്നതിന് തത്തുല്യമായ വിഹിതം അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 13.31 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-277-99-36—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം -സഹായധനം -ശമ്പളേതരം</u>

വിഹിതം : 55,00,00,000 രൂപ (പദ്ധതി)

(20) ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും ഉണ്ടായിട്ടും 2016-17-ലെ മിക്ക പദ്ധതികളും ടി വർഷം നടപ്പിലാക്കാനുള്ള പണം ലഭിച്ചിട്ടില്ല 2016-17-ലെ ഒഴിവാക്കാനാവാത്ത പദ്ധതികൾ 2017-18-ൽ നടപ്പിലാക്കുന്നതിന് 2016-17-ൽ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലൂടെ അനുവദിച്ചപ്പോൾ കുറവുവന്ന തുകയ്ക്ക് തത്തുല്യമായ വിഹിതം 2017-18-ൽ അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 22.325 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്

2401-00-111-99—<u>കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)</u>

വിഹിതം : 1,00,000 രൂപ (പദ്ധതി)

(21) ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, രണ്ടാംഘട്ട സർവ്വെ ജോലികളുടെ ഓണറേറിയം, 2016-17 സാമ്പത്തികവർഷത്തെ ഓണറേറിയം എന്നിവ നൽകുന്നതിന് ബഡ്ജറ്റിലെ വിഹിതം വളരെ തുച്ഛമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 3.29 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്

2415-05-277-99—<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്</u>

വിഹിതം : 13,88,06,000 രൂപ (പദ്ധതിയേതരം)

(22) കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് കഫോസിൽ ജോലി ചെയ്തിരുന്ന 41 അധ്യാപക അനധ്യാപക ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്. അതിൽ 2015 ഏപ്രിൽ വരെ റിട്ടയർ ചെയ്ത ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മാത്രമാണ് ഇതുവരെ നൽകാൻ സാധിച്ചിട്ടുള്ളത്. അതിനുശേഷമുള്ള 15 ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യവുമായി ബന്ധപ്പെട്ട് 435 ലക്ഷം രൂപയും അതുപോലെ 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ റിട്ടയർ ചെയ്യുന്ന അധ്യാപക അനധ്യാപക ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യത്തിനായി 287.5 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. കൂടാതെ യു.ജി.സി. 12

ബി സ്റ്റാറ്റസ് നേടുന്നതിനായി നിയമിക്കുന്ന അധ്യാപകർക്ക് 122.85 ലക്ഷം രൂപയും അധികമായി 2017-18 സാമ്പത്തിക വർഷം ആവശ്യമായി വരുന്നുണ്ട്. ഇതിനെല്ലാം കൂടി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.4567 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം**

വോട്ട് ചെയ്തത് : 1554,47,23,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

## കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

4408-02-190-99—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മൂലധന മുടക്ക്

വിഹിതം : 50,00,000 രൂപ (പദ്ധതി)

(23) മുൻ വർഷങ്ങളിൽ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും മൂലധനം ലഭിക്കുന്നതിനായി 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ 50 ലക്ഷം രൂപ വീതം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും തുക ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽനിന്നും മൂലധനം ലഭ്യമാക്കുന്നതിന് സംസ്ഥാന വിഹിതം അത്യാവശ്യമായതിനാൽ മുൻവർഷങ്ങളിലെ സംസ്ഥാന വിഹിതമായ 2 കോടി രൂപയും കമ്പ്യൂട്ടറൈസേഷനും നൂതനസാങ്കേതിക വിദ്യാ വികസനത്തിനുമായി 75 ലക്ഷം രൂപയും ഉൾപ്പെടെ 2 കോടി 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6408-02-190-98—ആർ.ഐ.ഡി.എഫ്. XVII-ന് കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം : ഇല്ല

(24) ആർ.ഐ.ഡി.എഫ്. XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 119.44 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതികളുടെ നടത്തിപ്പിനായി 24.85 കോടി രൂപ മാത്രമാണ് സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതികളുടെ നടത്തിപ്പിനായി ടി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി

നിരീക്ഷിക്കുന്നു. ആയതിനാൽ ആർ.ഐ.ഡി.എഫ്. XVII-ന്റെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി 15 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

വോട്ട് ചെയ്തത് : 186,85,01,000 രൂപ

ചാർജ്ജ് ചെയ്തത്: ഇല്ല

2810-00-105-99—ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി

വിഹിതം : 1,00,000 രൂപ (100% കേന്ദ്രാവിഷ്കൃതം) (പദ്ധതി)

(25) സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിട്ടറി ടോയ്‌ലെറ്റ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും ഗുണഭോക്താവിന് സാമ്പത്തികസഹായവും ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത പദ്ധതിയിൽ ഒരു പ്ലാന്റിന്റെ സബ്സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 8000 രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 10000 രൂപയുമാണ്. നിലവിലെ സാഹചര്യത്തിൽ ടി തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സബ്സിഡിയിനത്തിലും വിവിധ പരിശീലനം നടത്തുന്നതിനും ഈ ശീർഷകത്തിൽ 1.99 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

വോട്ട് ചെയ്തത് : 741,26,23,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2404-00-001-99—നടത്തിപ്പ്

വിഹിതം : 9,25,49,000 രൂപ (പദ്ധതിയേതരം)

(26) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലെയും വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രാചെലവ്, ഓഫീസ് ചെലവ് എന്നിവയ്ക്കാണ് ഈ തുക. ഇതിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-001-98—ജില്ലാഭരണം

വിഹിതം : 21,23,57,000 രൂപ (പദ്ധതിയേതരം)

(27) മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ചെലവിനാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഇതിൽ ടൂർ ടി.എ. യ്ക്ക് നൽകിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടൂർ ടി.എ. [04(1)] ഇനത്തിൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-98—ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 186,63,44,000 രൂപ (പദ്ധതിയേതരം)

(28) ഈ ശീർഷകത്തിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 3 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-76—കന്നുകാലി രോഗ നിയന്ത്രണ പ്രോജക്ട്

വിഹിതം : 8,13,58,000 രൂപ (പദ്ധതിയേതരം)

(29) ഈ ശീർഷകത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് [05 (2)] ഇനത്തിൽ 2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-71—വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 6,12,00,000 രൂപ (പദ്ധതി)

(30) വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണിവരെ കർഷകർ അവരുടെ മൃഗങ്ങളെ ആശുപത്രിയിൽ കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കർഷകർക്ക് അവരുടെ വീടുകളിൽതന്നെ സേവനം ലഭ്യമാക്കുന്നതിനായി നിലവിലുള്ള രാത്രികാല അടിയന്തര മൃഗചികിത്സ നൽകിവരുന്ന ബ്ലോക്കുകൾക്കുപുറമേ അധികമായി 67 ബ്ലോക്കുകളിൽ കൂടി രാത്രികാല അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.3751 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 89,13,13,000 രൂപ (പദ്ധതിയേതരം)

(31) ഈ ശീർഷകത്തിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01 (4)] ഇനത്തിൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-97—ലൈവ് സ്റ്റോക്ക് ഫാമുകൾ

വിഹിതം : 15,61,40,000 രൂപ (പദ്ധതിയേതരം)

(32) ഈ ശീർഷകത്തിൽ വേജസിന് അനുവദിച്ച തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വേജസ് [02(5)] ഇനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96—വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 27,23,06,000 രൂപ (പദ്ധതിയേതരം)

(33) ഈ ശീർഷകത്തിൽ വേജസ് ഇനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-78—ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 38,88,00,000 രൂപ (പദ്ധതി)

(34) കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൻ കീഴിൽ ഒരു ലക്ഷം പശുക്കുട്ടികൾക്ക് കൂടി ആനുകൂല്യം ലഭ്യമാക്കുന്നതിന് ഈ ശീർഷകത്തിൽ 40.58125 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-103-99—കോഴിവളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 14,21,47,000 രൂപ (പദ്ധതിയേതരം)

(35) ഈ ശീർഷകത്തിൽ വൈദ്യുതി ചാർജ്ജ് [05 (2)] ഇനത്തിൽ 3 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01 (4)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-113-98—സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

വിഹിതം : 1,03,30,000 രൂപ (പദ്ധതിയേതരം)

(36) ഈ ശീർഷകത്തിൽ യാത്രാബത്ത [04 (1)] ഇനത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ

2403-00-190-94—കെ.എസ്.പി.ഡി.സി.-ക്ക് സഹായം

വിഹിതം : 7,57,00,000 രൂപ (പദ്ധതി)

(37) വിവിധ കെപ്കോ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ കെപ്കോ പദ്ധതികളായ കെപ്കോ ആശ്രയ പദ്ധതിക്ക് 250 ലക്ഷം രൂപയും, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതിക്ക് 200 ലക്ഷം രൂപയും, വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയുള്ള കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതിക്ക് 150 ലക്ഷം രൂപയും കൂടാതെ ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 200 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

(38) കേരള ഫീഡ്സ് ലിമിറ്റഡിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ വിവിധ സ്ഥാപനങ്ങളായ ഇടുക്കി ജില്ലയിലെ അരിക്കുഴ പഞ്ചായത്തിലെ ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 6.5 കോടി രൂപയും, തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ യന്ത്രസാമഗ്രികളുടെ നവീകരണത്തിനായി 2.5 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണത്തിനായി 4 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള ബൈപ്പാസ് പ്രോട്ടീൻ നിർമ്മാണ യൂണിറ്റിന് 2 കോടി രൂപയും, സർക്കാർ നയത്തിനനുസൃതമായി ക്ഷീരകർഷകർക്ക് കുറഞ്ഞ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിലൂടെ സ്ഥാപനത്തിനുവരുന്ന അധിക ബാധ്യത നികത്തുന്നതിനുവേണ്ടി 40 കോടി രൂപയും, മലപ്പുറം ജില്ലയിലെ ആതവനാടിലുള്ള പ്രതിദിനം 10 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ധാതുലവണ മിശ്രിത നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണത്തിനായി 35 ലക്ഷം രൂപയും, പാലക്കാട് ജില്ലയിലെ മുതലമടയിലുള്ള സമ്പുഷ്ടീകരിച്ച വയ്ക്കോൽകട്ട നിർമ്മാണ യൂണിറ്റിനുള്ള വിപുലീകരണ വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 55.85 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93—എം.പി.ഐ.-ക്ക് സഹായം

വിഹിതം : 1,17,00,000 രൂപ (പദ്ധതി)

(39) ഇടയാറിലെ ഹൈടെക് സ്ലോട്ടർ ഹൗസ് നിർമ്മാണം പൂർത്തിയാക്കുന്നതിന് 1.5212 കോടി രൂപയും കൊല്ലം ജില്ലയിലെ ഏരൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മാംസ സംസ്കരണ യൂണിറ്റിന് 1.5 കോടി രൂപയും ഇടയാറിൽ എം.പി.ഐ. കാമ്പസിനുള്ളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റെന്ററിംഗ് പ്ലാന്റിന് 2 കോടി രൂപയും, ഇടയാറിലെ എം.പി.ഐ. കാമ്പസിൽ അത്യാധുനിക ബ്രീഡിംഗ് ഷെഡ് നിർമ്മാണത്തിന് 2 കോടി രൂപയും, ഇടയാർ എം.പി.ഐ. കാമ്പസിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓട്ടോമാറ്റിക് ഓപ്പൺ ബ്രോയിലർ ഫാമിന് 1.5 കോടി രൂപയും, സോസേജ് സംസ്കരണ സംവിധാനത്തിന് 1.15 കോടി രൂപയും, ശീതീകരണ സംവിധാനമുള്ള 4 റീഫർവാനുകൾ പ്രധാനപ്പെട്ട സിറ്റികളിൽ മൊബൈൽ സെയിൽസ് ഏർപ്പെടുത്താൻ മൊബൈൽ വാനുകൾ എന്നിവ വാങ്ങുന്നതിന് 2 കോടി രൂപയും, ചാലക്കുടി പരിയാരം വില്ലേജിൽ എം.പി.ഐ. യുടെ 16 ഏക്കർ സ്ഥലത്ത് ഒരു ഓപ്പൺ ലൈവ് സ്റ്റോക്ക് ഫാം കം റെസ്റ്റിംഗ് സെന്റർ നടപ്പിലാക്കുന്നതിന് 3.5 കോടി രൂപയും ഭക്ഷ്യ സുരക്ഷ അവയർനെസ് പ്രോഗ്രാമിന് 71.88 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.89 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6403-00-190-99—മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

(40) പദ്ധതി വിഹിതത്തിൽ ആർ.ഐ.ഡി.എഫ്. വായ്പ ഇനത്തിൽ ആകെ 924 ലക്ഷം നബാർഡ് അനുവദിച്ചു. സർക്കാരിനു നൽകിയ തുക തിരിച്ചുനൽകാനുള്ള ഇനത്തിൽ 1.4091 കോടി രൂപയും പദ്ധതി വിഹിത വർദ്ധന 10% കൂട്ടിനൽകുന്ന തുകയും ചേർത്ത് 3.1020 കോടി രൂപയും ചേർത്ത് 4.5111 കോടി രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇടയാറിലുള്ള ഫാക്ടറിയിൽനിന്നും കശാപ്പുചെയ്ത മാംസം ഏരൂർ മാംസ സംസ്കരണ യൂണിറ്റിൽ ഭക്ഷണത്തിനു പാകമാക്കുന്ന റെഡി ടു സെർവ് ഉല്പന്നങ്ങളായി സംസ്കരിച്ച് പായ്ക്ക് ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിന് 3.5 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 8.0111 കോടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്

2403-00-190-83—കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള ധനസഹായം

വിഹിതം : 20,83,00,000 രൂപ (പദ്ധതിയേതരം)

(41) കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 32 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കാർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിക്കായി 32 ലക്ഷം രൂപയും കുളത്തൂപ്പുഴയിലെ ഹൈടെക് ബുൾമദർ ഫാമിനോടനുബന്ധിച്ച് സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 117.75 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 1.8175 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസന വകുപ്പ്

വോട്ട് ചെയ്യുന്നത് : 171,80,63,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

2404-00-001-99—ഡയറക്ടറേറ്റ്

വിഹിതം : 6,60,68,000 രൂപ (പദ്ധതിയേതരം)

(42) ബജറ്റിൽ ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ യാത്രബത്ത [04(1)] ഇനത്തിൽ 6.5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 6.4 ലക്ഷം രൂപയും, വാടക, കരം, നികുതി (06) ഇനത്തിൽ 5000 രൂപയും ചെറുകിട മരാമത്തു പണികൾ (17) ഇനത്തിൽ 2.4999 കോടി രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും [21(2)] ഇനത്തിൽ 2.26 ലക്ഷം രൂപയും മറ്റു ചെലവുകൾ-മറ്റിനം [34(03)] ഇനത്തിൽ 0.9 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 0.95 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.6705 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്നും മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 55 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-98—ജില്ലാ ഭരണം

വിഹിതം : 17,84,45,000 രൂപ (പദ്ധതിയേതരം)

(43) ബജറ്റിൽ ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ യാത്രാ-ചെലവുകൾ-യാത്രബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും [04(4)] അവധി യാത്രാനുകൂല്യം ഇനത്തിൽ 1.9 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

[05(4)] ഇനത്തിൽ 5.5 ലക്ഷം രൂപയും വാടക, കരം, നികതി (06) ഇനത്തിൽ 21 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ (17) ഇനത്തിൽ 9.9999 കോടി രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും [21(2)] ഇനത്തിൽ 7.7 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10.4109 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-97—വികസന പ്രവർത്തന ഘടകങ്ങൾ

വിഹിതം : 34,42,98,000 രൂപ (പദ്ധതിയേതരം)

(44) 152 ക്ഷീരവികസന യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാ ബത്ത കുടിശ്ശിക നൽകുവാനും റിട്ടയർ ചെയ്ത ജീവനക്കാർക്ക് യാത്രാ ബത്ത കുടിശ്ശിക നൽകുവാനും യാത്ര ചെലവുകൾ-യാത്രബത്ത [04(1)] ഇനത്തിൽ ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം : 4,95,00,000 രൂപ (പദ്ധതി)

(45) ക്ഷീരവികസനവകുപ്പ് നടപ്പിലാക്കുന്ന വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കുമാണ് ഈ ശീർഷകത്തിൽ നിന്നുള്ള തുക വിനിയോഗിക്കുന്നത്. 2017-18 വർഷം ക്ഷീരകർഷകർക്കും ഉരുക്കൾ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള അപ്രതീക്ഷിത സാമ്പത്തിക നഷ്ടങ്ങൾക്കും ഫീൽഡ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും കൂടാതെ പുതിയ ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും വകുപ്പ് ഓഫീസുകളിൽ ജിയോ മാപ്പിംഗ്, ഇ-ഗവേർണൻസ് സംവിധാനം നടപ്പാക്കുന്നതിനും കന്നുകാലികൾക്കും കർഷകർക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

വിഹിതം : 14,00,00,000 രൂപ (പദ്ധതി)

(46) വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് ലഭ്യമാക്കുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. അപ്രകാരം കർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകണമെങ്കിൽ ആകെ 61 കോടി രൂപയാണ് ആവശ്യമുള്ളതെന്നും ശീർഷകത്തിൽ

വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു ആയതിനാൽ 3.5 ലക്ഷം കർഷകർക്ക് കാലിത്തീറ്റയുള്ള ധനസഹായം നൽകാനായി ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-77—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപ്പാദനവും സൂക്ഷിക്കലും

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

(47) സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് എസ്.എച്ച്.ജി./സ്വയംസഹായക/വനിത ഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനും, തരിശ് സ്ഥലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും വ്യാവസായിക അടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ പുൽകൃഷി പദ്ധതി വ്യാപിപ്പിക്കാനും ലക്ഷ്യമിട്ട് 12 കോടി രൂപയുടെ പ്രൊപ്പോസൽ ആണ് സമർപ്പിച്ചിരുന്നത്. അനുവദിച്ച തുക വളരെ കുറവായതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-76—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം

വിഹിതം : 25,00,000 രൂപ (പദ്ധതി)

(48) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം വർദ്ധിപ്പിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായതുക വർദ്ധിപ്പിക്കേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-75—കന്നുകാലിത്തീറ്റ കൃഷി വലിയതുറ സ്വീവേജ് ഫാം

വിഹിതം: 2,40,04,000 രൂപ (പദ്ധതിയേതരം)

(49) ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വാടക-കരം-നികുതി (06) ഇനത്തിൽ 50,000 രൂപയും മറ്റു ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1.05 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(02)] ഇനത്തിൽ 70,000 രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 2.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-98—<u>ക്ഷീരവികസന പരിശീലന കേന്ദ്രം</u>

വിഹിതം : 5,34,17,000 രൂപ (പദ്ധതിയേതരം)

(50) ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഫീസ് ചെലവുകൾ- വെള്ളക്കരം [05(1)] ഇനത്തിൽ 3000 രൂപയും ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 75000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 75000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 1 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ (17) ഇനത്തിൽ 4.99 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികൾ [21(02)] ഇനത്തിൽ 66,000 രൂപയും ഉൾപ്പെടെ ആകെ <u>ഈ ശീർഷകത്തിൽ അധികമായി 8.18 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2404-00-109-95—<u>ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ</u>

വിഹിതം : 4,66,00,000 രൂപ (പദ്ധതി)

(51) തെരഞ്ഞെടുത്ത അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാൽഗുണനിലവാര പരിശോധനയ്ക്കായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും ദേശീയ അക്രഡിറ്റേഷൻ ലഭിച്ച സംസ്ഥാന ഡയറി ലാബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 4.59 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2404-00-109-93—<u>മിൽക്ക്ഷെഡ് വികസന പദ്ധതി</u>

വിഹിതം : 41,79,00,000 രൂപ (പദ്ധതിയേതരം)

(52) സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കൂടുതൽ ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനും ഉൽപ്പാദനശേഷി കൂടിയ കറവമാടുകളെ വാങ്ങുന്നതിനും കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളെ സംയോജിപ്പിച്ചുകൊണ്ട് ഡയറി സോൺ പദ്ധതി നടപ്പിലാക്കുവാനും കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലേക്കുമായി അധിക തുക ആവശ്യമുണ്ടെന്ന് സമിതി കരുതുന്നതിനാൽ <u>ഈ ശീർഷകത്തിൽ 18.36 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2404-00-195-94—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 25,85,00,000 രൂപ (പദ്ധതി)

(53) ക്ഷീര സംഘങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ക്ഷീര സംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ വൈക്കോൽ എന്നിവ എത്തിച്ച് നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-195-92—സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള ധനസഹായം

വിഹിതം : 7,43,00,000 രൂപ (പദ്ധതി)

(54) മിൽമ ഡയറി പ്ലാന്റ്, കാലിത്തീറ്റ ഫാക്ടറി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ ശീർഷകത്തിൽ 5.345 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-800-80—വയനാട് ബ്രഹ്മഗിരി വികസന സൊസൈറ്റിയ്ക്ക് ധനസഹായം

വിഹിതം : ഇല്ല

(55) ബ്രഹ്മഗിരി വികസന സൊസൈറ്റി വയനാട് മുഖേന ക്ഷീരവികസന/മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞ വർഷം അധികം ഗ്രാന്റ് 10 കോടി വകയിരുത്തിയിരുന്നെങ്കിലും 5 കോടി മാത്രമേ അനുവദിച്ചുള്ളൂ. ഈ വർഷം ഒന്നും തന്നെയില്ലെന്ന് മനസ്സിലാക്കിയ സമിതി 5 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2404-00-800-78—കേരള ക്ഷീരകർഷക ക്ഷേമനിധിക്ക് പെൻഷൻ നൽകുന്നതിനുള്ള വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

(56) പുതിയ സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം പെൻഷൻ തുക 1100 രൂപയായി വർദ്ധിപ്പിക്കുമ്പോൾ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിന് ഈ ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-800-76—കടക്കെണിയിലായ ക്ഷീര കർഷകർക്ക് ധനസഹായം

വിഹിതം : ഇല്ല

(57) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത കന്നുകാലികൾ ചത്തു പോകുകയും കറവ പശുക്കളുടെ പാലുൽപ്പാദനത്തിൽ കുറവുവരുകയും ചെയ്യുന്നതിന്റെ ഫലമായി കടക്കെണിയിലായി ജപ്തി നടപടികൾ അഭിമുഖീകരിക്കുന്ന ക്ഷീര കർഷകർക്ക് ധനസഹായം നൽകുന്നതിനായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി 7 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4404-00-102-87—ക്ഷീരവകുപ്പിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

വിഹിതം : ഇല്ല (പദ്ധതിയേതരം)

(58) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തുക നൽകാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

വോട്ട് ചെയ്തത് : 785,44,71,000 രൂപ

ചാർജ്ജ് ചെയ്തത് : 1000 രൂപ

2405-00-101-87—നഴ്സറികൾ സ്ഥാപിക്കൽ

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

(59) നിലവിലുള്ള സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടത്തിപ്പ്, സംരക്ഷണം, ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കൽ, പ്രജനന മത്സ്യത്തിന്റെ സംരക്ഷണം, പ്രജനന പ്രവർത്തനങ്ങൾ, മത്സ്യവിത്ത് പരിപാലനം, ഉപകരണ ചെലവ് എന്നിവയ്ക്കും കൂടാതെ 2016-17-ലെ ബജറ്റ് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-57—മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണം

വിഹിതം : 1,00,000 രൂപ (പദ്ധതി)

(60) ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റു ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-54—<u>അക്വാകൾച്ചർ ഡെവലപ്പ്മെന്റ്</u>

വിഹിതം : 18,38,00,000 രൂപ (പദ്ധതി)

(61) നിലവിലുള്ള പ്രദേശങ്ങളിലെ അക്വാകൾച്ചർ സാദ്ധ്യതകളുടെ പൂർണമായ വിനിയോഗം, സ്വാഭാവിക തെരഞ്ഞെടുപ്പിലൂടെയുള്ള ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ ഉപയോഗം, പോഷകങ്ങളുടെയും, രോഗങ്ങളുടെയും മാനേജ്മെന്റ്, നൂതന അക്വാകൾച്ചർ സമ്പ്രദായങ്ങളുടെ ഉപയോഗം, പുനഃപര്യയന അക്വാകൾച്ചർ, തനത് മത്സ്യങ്ങളുടെ പോളികൾച്ചർ/മോണോകൾച്ചർ, സംയോജിത ഫാമിംഗ്, കൊഞ്ച്, ചെമ്മീൻ, കടുക്ക, എഡിബിൾ ചിപ്പി, പേൾമുത്ത് ചിപ്പി, ചെളി ഞണ്ട്, വലിയയിനം ഞണ്ട് (ലോബ്സ്റ്റർ) എന്നിവയുടെ ഫാമിംഗ്, അലങ്കാര മത്സ്യങ്ങളുടെയും അതിനനുബന്ധ വസ്തുക്കളുടെയും വലിയതോതിലുള്ള ഉൽപ്പാദനവും അതിന്റെ വിപണനവും തുടങ്ങിയ മത്സ്യകൃഷി ഉല്പാദനത്തിലെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് <u>ഈ ശീർഷകത്തിൽ 5 കോടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-103-84—<u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം</u>

വിഹിതം : 13,00,00,000 രൂപ (പദ്ധതിയേതരം)

(62) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യബന്ധനത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-103-83—<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഉത്പാദന ബോണസ്</u>

വിഹിതം: ഇല്ല

(63) പ്രാഥമിക സഹകരണ സംഘം മുഖേനയുള്ള തീരദേശ ലേലം ശക്തിപ്പെടുത്തുന്നതിനും മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ ശീലം വളർത്തുന്നതിനും ഈ പദ്ധതി അനിവാര്യമാണ് എന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-103-82—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം)</u>

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

(64) മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നതെങ്കിലും മുൻവർഷത്തിലെ സബ്സിഡികൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാനുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 18.7983 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-78—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

(65) സംസ്ഥാനത്തെ 2,37,500 മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയുടെ ഇൻഷ്വറൻസ് തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഇതിനായി 8.55 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-88—തീരമൈത്രി സൂപ്പർ മാർക്കറ്റ്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

(66) സപ്ലൈകോ/കൺസ്യൂമർഫെഡ് പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിൽ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിലൂടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-86—മത്സ്യമാർക്കറ്റുകൾ, വാല്യു അഡീഷൻ, വിളവെടുപ്പ് പൂർവ്വ പ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

(67) ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന മുനമ്പം, ശക്തികുളങ്ങര, പുതിയാപ്പ എന്നിവിടങ്ങളിലെ പ്രീപ്രോസസ്സിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-190-95—<u>കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ്</u>

വിഹിതം : ഇല്ല.

(68) 2017-18-ലെ നയപ്രഖ്യാപനത്തിൽ അലങ്കാര മത്സ്യ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആരംഭിക്കുന്നുണ്ടെന്നും ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ 2 കോടി രൂപ വകയിരുത്തിയതായും പറഞ്ഞിരുന്നു. എന്നാൽ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ <u>ഈ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-800-99—<u>മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം</u>

വിഹിതം : 20,60,00,000 രൂപ (പദ്ധതി)

(69) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽനഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന ഈ പദ്ധതി പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മുതൽ ഏപ്രിൽ വരെയുള്ള 9 മാസങ്ങളിലായി തീരദേശ മത്സ്യത്തൊഴിലാളികളിൽ നിന്നും ഒക്ടോബർ മുതൽ മേയ് വരെ 9 ഗഡുക്കളായി ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും 1500 രൂപ വീതം ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായി 1500 രൂപയും കേന്ദ്ര വിഹിതമായി 1500 രൂപയും ചേർത്ത് 4500 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനാണ് ഈ പദ്ധതിക്ക് 2016-17-ൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിനായി 2017-18-ൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, <u>ഈ ശീർഷകത്തിൽ 36.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-800-94—<u>മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം-മത്സ്യ അനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ</u>

വിഹിതം : 50,00,00,000 രൂപ (പദ്ധതിയേതരം)

(70) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും നൽകുവാനുള്ള പെൻഷൻ കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് <u>ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകല്യം

വിഹിതം: 20,00,00,000 രൂപ (പദ്ധതിയേതരം)

(71) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

(72) സംസ്ഥാനത്തെ 83000 അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി 2.862 കോടി രൂപ ആവശ്യമാണ്. ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.362 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-28—കേരള മത്സ്യ-അനുബന്ധ തൊഴിലാളിക്ഷേമ സെസ് ആക്ട് 2007 പ്രകാരം പിരിച്ച സെസ് തുക കെ. എഫ്.ഡബ്ല്യു. ബോർഡിലേക്ക് മാറ്റുന്നത്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

(73) സെസ് സംബന്ധമായി കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 15 ലക്ഷം അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

4405-00-101-95—നഴ്സറികൾ സ്ഥാപിക്കൽ

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

(74) മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ/നഴ്സറികൾ എന്നിവയുടെ പൂർത്തീകരണവും, നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം വിത്തുല്പാദന യൂണിറ്റുകളുടെ രൂപീകരണവും, 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രഖ്യാപനത്തിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-98—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)</u>

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

(75) ഐ.എഫ്.ഡി.പി. 2014-15, 2015-16 എന്നീ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 13.2071 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ <u>ഈ ശീർഷകത്തിൽ 13.2071 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-104-80—<u>കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

വിഹിതം : ഇല്ല

(76) ഈ പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 13 ജീവനക്കാരുടെ ശമ്പളം, മറ്റു ബത്തകൾ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് <u>ഈ ശീർഷകത്തിൽ 67.49 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-104-73—<u>ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

വിഹിതം : ഇല്ല

(77) ഈ പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 9 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് <u>ഈ ശീർഷകത്തിൽ 59.65 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-104-72—<u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

വിഹിതം : ഇല്ല

(78) ഈ പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 10 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് <u>ഈ ശീർഷകത്തിൽ 44.93 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-104-62—<u>കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിനുശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

വിഹിതം : ഇല്ല

(79) നിലവിലുള്ള പെൻഡിംഗ് ബില്ലുകൾ നൽകുന്നതിന് ഏർപ്പെട്ടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തികൾ ക്രമാനുസൃതമായി നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 7.2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-60—ചേത്തി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

വിഹിതം : ഇല്ല

(80) ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള ഈ പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-53—ആർ.ഐ.ഡി.എഫ്. സഹായത്തിന്മേലുള്ള സംയോജിത തീരദേശ വികസന പദ്ധതി

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

(81) മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-94—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ.

വിഹിതം : ഇല്ല

(82) ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഈ സാമ്പത്തിക വർഷംതന്നെ പ്രവർത്തനമാരംഭിക്കുമെന്ന് പ്രഖ്യാപിച്ച ഓഷ്യനേറിയം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ അന്തിമ ഘട്ടത്തിലായതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-800-78—ആലപ്പുഴ വടക്ക് അന്ധകാരനഴിപാലം നിർമ്മാണം

വിഹിതം : ഇല്ല

(83) അന്ധകാരനഴിപാലം നിർമ്മാണ പ്രവൃത്തിയുടെ 75% പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നതിനായി 1.73 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

<u>പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം</u>

(84) ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിലേയ്ക്കായി 10 ലക്ഷം രൂപ.

<u>ആർ. കെ. വി. വൈ പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം</u>

(85) കേന്ദ്ര സഹായപദ്ധതികളുടെ സ്റ്റേറ്റ് വിഹിതം വഹിയ്ക്കുന്നതിന് ബജറ്റ് തുക ആവശ്യമായതിനാൽ <u>ഇതിലേക്കായി 1000 രൂപ ടോക്കൺ പ്രൊവിഷൻ</u>

<u>എൻ. എഫ്. ഡി. സി പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതം</u>

(86) കേന്ദ്രസഹായ പദ്ധതികളുടെ സ്റ്റേറ്റ് വിഹിതം വഹിക്കുന്നതിന് ബജറ്റ് തുക ആവശ്യമാണ്. <u>ഇതിനായി 1000 രൂപ ടോക്കൺ പ്രൊവിഷൻ</u>

<u>മത്സ്യബന്ധന തുറമുഖത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ</u>

(87) നീണ്ടകര, ചെല്ലാനം, വൈപ്പിൻ മത്സ്യബന്ധന തുറമുഖങ്ങളിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തികവർഷം <u>15 കോടി രൂപ.</u>

തിരുവനന്തപുരം,
2017 ഏപ്രിൽ 19.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*